പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2543 05/02/2018 ൽ മറുപടിക്ക്

## അയ്യപ്പഭക്തർക്കാവശ്യമായ ശുദ്ധജലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിൽ എത്തുന്ന ഭക്തർക്കാവശ്യമായ ശുദ്ധജലം എത്തിക്കുന്നത് എവിടെനിന്നാണ്; | (എ) | കുന്നാർ ഡാമിൽ നിന്നും പമ്പാനദിയിൽ നിന്നും പമ്പ് ചെയ്തുമാണ് ശുദ്ധജലം എത്തിക്കുന്നത്. |
| (ബി) | ശബരിമലയിൽ നിന്നും എത്ര അകലെയാണ് കുന്നാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്; എത്ര മീറ്ററാണ് നിലവിൽ ഇതിന്റെ ഉയരം; | (ബി) | ശബരിമലയിൽ നിന്നും 7 കിലോമീറ്റർ അകലെ യാണ് കുന്നാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത് 4 മീറ്റർ ആണ് നിലവിൽ ഉയരം. |
| | | (സി) യും (ഡി) ഉം | |
| (സി) | തീർത്ഥാടകരുടെ വർദ്ധനവിന് അനുസരിച്ച് ആവശ്യമായ ജലം ഇവിടെനിന്ന് ലഭിക്കുന്നുണ്ടോ; ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനാവശ്യമായ വനഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ; | തീർത്ഥാടകർക്കാവശ്യമായ ജലം കുന്നാറിൽ നിന്നു മാത്രം ലഭ്യമല്ലാത്തതിനാൽ പമ്പയിൽ നിന്നും പമ്പ് ചെയ്ത് ശബരിമലയിലുള്ള വാട്ടർ ടാങ്കിൽ സംഭരിച്ചതിനു ശേഷം വിവിധ ഭാഗങ്ങളിലെത്തിക്കുക യാണ് ചെയ്യുന്നത്. ഡാമിന്റെ ഉയരം കൂട്ടി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് അപേക്ഷ നല്കിയെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ഈ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. | |
| (ഡി) | ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ എവിടെയാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ